**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **24-08-2022 - ൽ മറുപടിയ്ക്ക്**

**മേലൂർ സെക്ഷനിലെ വൈദ്യുത വിതരണത്തിലെ തടസ്സങ്ങൾ പരിഹരിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി നിയോജകമണ്ഡലത്തിലെ മേലൂർ സെക്ഷന് കീഴിലുള്ള പ്രദേശങ്ങളിൽ വൈദ്യുതി വിതരണത്തിൽ തുടർച്ചയായി തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേലൂർ സെക്ഷന് കീഴിലുള്ള പ്രദേശങ്ങളിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതായി കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ തനതു ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി-2' കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച Rewamped Distribution Sector Scheme (RDSS) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി 33 കെ.വി കൊരട്ടി സബ്സ്റ്റേഷനിൽ നിന്നും, 220 കെ.വി ചാലക്കുടി സബ് സ്റ്റേഷനിൽ നിന്നും, 33 കെ.വി അയ്യമ്പുഴ സബ്സ്റ്റേഷനിൽ നിന്നും 4 ഫീഡറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സെക്ഷന് കീഴിൽ ഡെഡിക്കേറ്റഡ് ഫീഡർ നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽ പ്രസ്താവിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത സെക്ഷന് കീഴിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | മേലൂർ സെക്ഷന് കീഴിൽ സബ്സ്റ്റേഷൻ സ്ഥാപിക്കാനാവശ്യമായ ലോഡ് നിലവിൽ ഇല്ലാത്തതിനാൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നത് നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ